"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - അനസ്തീഷ്യ വിഭാഗം കൺസൾട്ടന്റ് ഡോ.സജീവ്.കെ.ജി. ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.937/2023-യിന്മേലുള്ള 30.06.2023-ലെ വിധിന്യായം അനുപാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1809/2023/H&FWD തീയതി,തിരുവനന്തപുരം, 24-07-2023

---

പരാമർശം:-

1. ഡോ.സജീവ്.കെ.ജി. ബഹു: അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.937/2023 -യിന്മേലുള്ള 30.06.2023-ലെ വിധിന്യായം.
2. സ.ഉ (സാധാ) നം.1288/2023/ആകുവ തീയതി 29.05.2023
3. സ.ഉ. (സാധാ) നം.1382/2023/ആകുവ തീയതി 09.06.2023.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14.07.2023-ലെ ഇ.എ1-11783/2023/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

2023 പൊതുസ്ഥലംമാറ്റത്തിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ സ്ഥലംമാറ്റിയതിനെതിരെ അനസ്തീഷ്യ വിഭാഗം കൺസൾട്ടന്റ് ഡോ.സജീവ്.കെ.ജി. ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ.-937/2023 ഫയൽ ചെയ്യുകയുണ്ടായി. മെഡിക്കൽ ഓഫീസർ തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ടിയാളുടെ ജൂനിയറായ 3-ാം നമ്പറും 4-ാം നമ്പറും എതിർകക്ഷികളെ നിയമിച്ചിരിക്കുന്നതായി പ്രസ്തുത ഒ.എ.യിൽ പരാമർശിച്ചിരുന്നു. 13.06.2023-ലെ ഇടക്കാല ഉത്തരവിലൂടെ ബഹു:ട്രിബ്യൂണൽ ഡോ.സജീവിന്റെ സ്ഥലംമാറ്റം തൽക്കാലത്തേക്ക് നിറുത്തി വയ്ക്കുകയുണ്ടായി.

2) OA 937/2023-ന്റെ അഞ്ചാം എതിർകക്ഷിയും, പൊതുസ്ഥലംമാറ്റ ഉത്തരവിൽ ഡോ.സജീവ് നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനമായ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകപ്പെട്ടതുമായ അനസ്തീഷ്യ കൺസൾട്ടന്റ് ഡോ.സുലാല എ. റഹിം പ്രസ്തുത സ്റ്റേക്ക് എതിരെ ട്രിബ്യുണൽ മുമ്പാകെ MA-1179/2023 ഫയൽ

0195404

ചെയ്യുകയുണ്ടായി. ടിയാളെ നിലവിലെ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തുവെങ്കിലും ഡോ.സജീവിന്റെ സ്ഥലംമാറ്റം സ്റ്റേ ചെയ്തിരിക്കുന്നതിനാൽ ടിയാൾക്ക് നിലവിൽ ജോലിയിൽ പ്രവേശിക്കാൻ സാധിക്കാത്ത അവസ്ഥയിലായിരുന്നു. ബന്ധപ്പെട്ട അധികാരികൾ ടിയാൾക്ക് ജോലി ചെയ്യാനുള്ള താൽക്കാലിക അവസരം നൽകേണ്ടതാണെന്ന നിരീക്ഷണത്തിൽ ബഹു: ട്രിബ്യൂണൽ ഡോ.സുലാല എ. റഹിം ഫയൽ ചെയ്ത MA-1179/2023 തള്ളിക്കളയുകയുണ്ടായി.

3) ഡോ.സജീവിനെ ചെങ്ങന്നൂരിൽ നിലനിറുത്താൻ കഴിയുമെന്ന് സർക്കാർ അഭിഭാഷകൻ ബഹു:ട്രിബ്യൂണൽ മുമ്പാകെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് ഒരാഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (1) വിധിന്യായത്തിൽ ബഹു: ട്രിബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു.

4) പരാമർശം (3) പൊതുസ്ഥലംമാറ്റ ഉത്തരവിൽ ചെങ്ങന്നൂർ താലുക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയ ഡോ.ജയചന്ദ്രൻ.ബി-ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം സീനിയർ കൺസൾട്ടന്റ് അനസ്തീഷ്യ തസ്തികയിൽ സ്ഥാനകയറ്റം ലഭിച്ചിട്ടുള്ളതിനാൽ ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിൽ കൺസൾട്ടന്റ് അനസ്തീഷ്യ തസ്തികയിൽ ഒഴിവ് നിലവിലുള്ളതായി ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (4) കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

5) മേൽ സാഹചര്യത്തിൽ, പരാമർശം (3) പൊതുസ്ഥലംമാറ്റ ഉത്തരവിൽ കാസർഗോഡ് ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ട ഡോ.സജീവ്. കെ.ജി. - യെ കൺസൾട്ടന്റ് അനസ്തീഷ്യ തസ്തികയിൽ നിലവിൽ ഒഴിവുള്ള ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിൽ നിയമനം നൽകി ഉത്തരവാകുന്നു.

6) ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) വിധിന്യായം ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജിത് നാസർ കെ എ എസ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കൊല്ലം / ആലപ്പുഴ/കാസർഗോഡ്
ഡോ.സജീവ്.കെ.ജി.,കൺസൽട്ടന്റ് (അനസ്തീഷ്യ), "ജീവദീപം", എം.ജി.നഗർ, കിളികൊല്ലൂർ.പി.ഒ., കൊല്ലം - 691531.
ഡോ.ഗീത തങ്കപ്പൻ, കൺസൽട്ടന്റ് (അനസ്തീഷ്യ), ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി, കോട്ടയം - 686 101.
ഡോ.സുലാല എ. റഹിം, കൺസൽട്ടന്റ് (അനസ്തീഷ്യ), താലൂക്കാസ്ഥാന ആശുപത്രി, കൊട്ടാരക്കര, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 24-07-2023 12:04:44

മേലെഴുത്ത് നം. ഇ.എ1-11783/2023/ആ.വ.വ, തീയതി 24/7/2023

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

[signature] 24/7/23

ആ.വ.വയ്ക്ക് വേണ്ടി

0195403